**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1660** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ലിയാമ്പതിയിലേക്ക് കൂടുതൽ ബസ് സർവീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** നെന്മാറ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതിയിലേക്ക് നിലവിൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്ന ബസ് സർവ്വീസുകൾ, അവയുടെ സമയക്രമം, പുറപ്പെടുന്ന ഡിപ്പോകൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി പാലക്കാട് ഡിപ്പോയിൽ നിന്നും താഴെ പറയുന്ന 3 സർവീസുകളിലായി 12 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

1. 05.00 പാലക്കാട് – കാരപ്പാറ

2. 07.00 പാലക്കാട് – വിക്ടോറിയ

3. 08.30 പാലക്കാട് – ലില്ലി

**(ബി)** നെല്ലിയാമ്പതി റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസുകളിലെ അനിയന്ത്രിതമായ തിരക്ക് കാരണം പ്രദേശത്തെ കൺസെഷൻ ഉള്ള സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടെ ബസുകളിൽ നിന്ന് ഇറക്കിവിടുന്നതായി പരാതി ഉണ്ടോ; പ്രസ്തുത സാഹചര്യത്തിൽ വിദ്യാർത്ഥികളുടെയും പ്രദേശവാസികളുടെയും യാത്രാദുരിതം പരിഹരിക്കുന്നതിനായി ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അനുവദിക്കുന്നത് പരിഗണിക്കാമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** പ്രവൃത്തി ദിനങ്ങളിൽ ടി സർവീസുകളിൽ അനിയന്ത്രിതമായ തിരക്ക് അനുഭവപ്പെടുകയോ സ്കൂൾ വിദ്യാർത്ഥികളെ ഇറക്കി വിടുന്നതായോ പരാതികൾ ഉണ്ടായിട്ടില്ല. നെല്ലിയാമ്പതി റൂട്ടിൽ സ്കൂൾ പ്രവൃത്തിദിനമല്ലാത്ത അവധി ദിനങ്ങളിൽ യാത്രാ തിരക്ക് ചുരുക്കം ചില ദിവസങ്ങളിൽ അനുഭവപ്പെട്ടതിനെ തുടർന്ന് അധികമായി ഒരു സ്ഥിരം സ്പെഷ്യൽ സർവീസ് ആരംഭിച്ചെങ്കിലും യാത്രക്കാർ തുടർന്ന് ഉപയോഗിക്കാത്തതിനാൽ നിർത്തിവെച്ചിട്ടുണ്ട്. എന്നിരുന്നാലും അവധി ദിവസങ്ങളിൽ യാത്രാ തിരക്ക് ഒഴിവാക്കുന്നതിനായി കൂടുതൽ വിനോദ സഞ്ചാര ട്രിപ്പുകൾ യാത്രക്കാരുടെ ആവശ്യ പ്രകാരം കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെൽ മുഖേന ക്രമീകരിച്ചിട്ടുള്ളതും പരാതി രഹിതമായി സർവീസ് നടത്തി വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**